നൽകാൻ പരിപാടിയുണ്ട് എന്ന്. ഞാൻ ചോദിക്കട്ടെ, കെ. പി. പി. നമ്പ്യാർ ചെയർമാനായിരുന്നപ്പോൾ ചീഫ് സെക്രട്ടറിയെക്കാൾ കൂടുതൽ ശമ്പളം അദ്ദേഹം വാങ്ങിയിരുന്നില്ലേ? അദ്ദേഹത്തിന് ചീഫ് എക്സിക്യൂട്ടീവിന്റെ പല സൗകര്യങ്ങളും നൽകിയിരുന്നില്ലേ? അമേരിക്കയിലെ ഇൻഡ്യക്കാരനായ ഒരു ശാസ്ത്രജ്ഞനെ ഇവിടെ കൊണ്ടുവരണമെന്ന് കേന്ദ്രഗവൺമെന്റിന്റെ ഇലക്ട്രോണിക് കമ്മീഷന്റെ ചെയർമാൻപോലും പറയുകയും സെക്യൂരിറ്റി പോയിന്റ് ഓഫ് വ്യൂവിൽ അദ്ദേഹത്തെ കൊണ്ടുവരാമെന്ന് ഇൻഡ്യാ ഗവൺമെന്റ് ക്ലിയറൻസ് തരുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അദ്ദേഹം സമ്മതിച്ചുകഴിഞ്ഞ് വല്ല ക്ലിയറൻസും കൂടുതൽ വേണമെങ്കിൽ ആ ക്ലിയറൻസും വാങ്ങിച്ചിട്ട് മാത്രമേ അദ്ദേഹത്തെ കൊണ്ടുവരികയുള്ളൂ. പക്ഷേ അദ്ദേഹം സമ്മതിച്ചിട്ടില്ല. പ്രശസ്തരും പ്രതിഭാശാലികളുമായ ആളുകളും ആരെങ്കിലും ഇവിടെ വരാനൊരുങ്ങുമ്പോൾ അതിനെ തുരങ്കം വയ്ക്കുന്നവർ ഇവിടെയുണ്ട്. കെൽട്രോണിനെപ്പറ്റി എന്നേക്കാൾ അധികം ശ്രീ. നായനാർക്ക് അറിയാമെന്ന് സമ്മതിച്ചുകൊടുക്കാൻ ഞാൻ തയ്യാറല്ല: കെൽട്രോണിലുള്ള ഉദ്യോഗസ്ഥന്മാർ കഴിവുള്ളവരാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ അവർ മാത്രമേ കഴിവുള്ളവരുള്ളൂ എന്ന് ശ്രീ. നായനാർ പറഞ്ഞാൽ അതിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയെന്ന നിലയിൽ അത് അനുവദിച്ചുകൊടുക്കുവാൻ നിർവ്വാഹമില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട നായനാരെപ്പോലെയുള്ള ആളുകളോട് പറയുവാനുള്ളത് ആരെങ്കിലും സ്വാർത്ഥ ഉദ്ദേശം വച്ചുകൊണ്ട്, തൊഴിൽധാർഷ്ട്യം വന്നാൽ ഇതുപോലെ നിയമസഭയിൽ ഉന്നയിക്കുന്നതിനുമുമ്പ് എന്നോട് അന്വേഷിക്കുകയെങ്കിലും ചെയ്യുന്നത് നന്നായിരിക്കും എന്നാണ്. അങ്ങനെ ചെയ്യണമെന്ന് അദ്ദേഹത്തോട് നിർബന്ധിച്ച് പറയുകയല്ല. അവരുടെ ഉദ്ദേശവും സ്വാർത്ഥവും എന്താണെന്നും എനിക്കറിയാം. എനിക്കറിയാം ആണ് ഇതൊക്കെ ഇളക്കിവിടുന്നതെന്ന്. ഹസ്സൻ ഇതുവരെ സമ്മതിച്ചിട്ടില്ല. അദ്ദേഹം സമ്മതിക്കുകയാണെങ്കിൽ വേണ്ട ക്ലിയറൻസ് വാങ്ങാം. പ്രതിഭാശാലിയായ ഒരു ശാസ്ത്രജ്ഞൻ, 13 ഇന്റർനാഷണൽ ഇന്നവേഷൻസ് സ്വന്തം പേരിൽ പേറ്റന്റായിട്ട് രജിസ്റ്റർചെയ്ത ഒരാൾ, അദ്ദേഹം ജാവേദ് ഹസ്സനും, ഞാൻ അഹമ്മദും ആയതുകൊണ്ട് അയോഗ്യത ഉണ്ട് എന്നു പറയുന്ന മാന്യ പലരെപ്പോലെയും നായനാർ ആകുകയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ആർക്കും യാതൊരു തെറ്റിദ്ധാരണയും വേണ്ട. ജാവേദ് ഹസ്സൻ സമ്മതിക്കുകയാണെങ്കിൽ അദ്ദേഹത്തെ ഇവിടെ കൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരാണ് നല്ലതെന്ന് ഗവൺമെന്റ് തീരുമാനിക്കും. അല്ലാതെ ഇവിടുത്തെ സെക്യൂരിറ്റിയുടെ പേരായ്മകൊണ്ട് ഒരിക്കലും ഒരാളെ കൊണ്ടുവരുകയല്ല. ഇക്കാര്യത്തിൽ വല്ലവർക്കും സംശയമുണ്ടെങ്കിൽ അത് നീക്കണമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ദേഭഗതി) ഓർഡിനൻസ് (1985-ലെ 40-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly

(2) 1985-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ഓർഡിനൻസ് (1985-ലെ 42-ാം നമ്പർ ഓർഡിനൻസ്).

(3) 1985-ലെ കേരള സമുദ്ര മൽസ്യ ബന്ധന റഗുലേഷൻ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 43-ാം നമ്പർ ഓർഡിനൻസ്).

(4) 1985-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 55-ാം നമ്പർ ഓർഡിനൻസ്).

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള ടോൾസ് (ഭേദഗതി) ഓർഡിനൻസ് (1985-ലെ 46-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1985-ലെ 49-ാം നമ്പർ ഓർഡിനൻസ്).

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ താഴെ പ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ഓർഡിനൻസ് (1985-ലെ 68-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ഓർഡിനൻസ് (1985-ലെ 69-ാം നമ്പർ ഓർഡിനൻസ്).

(3) 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ഓർഡിനൻസ് (1985-ലെ 70-ാം നമ്പർ ഓർഡിനൻസ്).

(4) 1985-ലെ കേരള അവശ്യസാധന നിയന്ത്രണ ഓർഡിനൻസ് (1985-ലെ 71-ാം നമ്പർ ഓർഡിനൻസ്).

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 56-ാം നമ്പർ ഓർഡിനൻസ).

(2) 1985-ലെ കേരള കമാൻഡ് ഏരിയാ വികസന ഓർഡിനൻസ് (1985-ലെ 65-ാം നമ്പർ ഓർഡിനൻസ്).

(3) ജലവും മലിനജലവും സംബന്ധിച്ച 1985-ലെ കേരള ഓർഡിനൻസ് (1985-ലെ 66-ാം നമ്പർ ഓർഡിനൻസ്).

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, ഞാൻ താഴെ പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

1985-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1985-ലെ 54-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 60-ാം നമ്പർ ഓർഡിനൻസ്); കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75 (2)-ാം നമ്പർ ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം.

(2) 1985-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1985-ലെ 61-ാം നമ്പർ ഓർഡിനൻസ്).

(3) 1985-ലെ കേരള ഗ്രന്ഥശാലാ സംഘം (മാനേജ്മെന്റ് ഏറ്റെടുക്കൽ) ഭേദഗതി ഓർഡിനൻസ് (1985-ലെ 67-ാം നമ്പർ ഓർഡിനൻസ്).

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ഓർഡിനൻസ് (1985-ലെ 58-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ സ്ഥലമെടുപ്പ് (കേരള ഭേദഗതി) ഓർഡിനൻസ് (1985-ലെ 64-ാം നമ്പർ ഓർഡിനൻസ്).

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ താഴെ പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

1985-ലെ കേരള സഹകരണസംഘം (ഭേദഗതി) ഓർഡിനൻസ് (1985-ലെ 45-ാം നമ്പർ ഓർഡിനൻസ്).

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1985-ലെ 57-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള പൊതു വിൽപന നികുതി (ഭേദഗതി) ഓർഡിനൻസ് (1985-ലെ 59-ാം നമ്പർ ഓർഡിനൻസ്).

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, വനം വകുപ്പ് മന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള വന (ഭേദഗതി) ഓർഡിനൻസ് (1985-ലെ 44-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1985-ലെ 62-ാം നമ്പർ ഓർഡിനൻസ്).

(3) വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1985-ലെ കേരള ഓർഡിനൻസ് (1985-ലെ 63-ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1985-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1985-ലെ 47-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1985-ലെ 51-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1985-ലെ 52-ാം നമ്പർ ഓർഡിനൻസ്).

(3) 1985-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 53-ാം നമ്പർ ഓർഡിനൻസ്).

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

1985-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 48-ാം നമ്പർ ഓർഡിനൻസ്).

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ കൂടി മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള അവശ്യസേവന സംരക്ഷണ ഓർഡിനൻസ് (1985-ലെ 41-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 50-ാം നമ്പർ ഓർഡിനൻസ്).

V ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ രാഘവൻ പൊഴക്കടവിൽ, പി. സീതി ഹാജി, സി. കെ. ചക്രപാണി എന്നീ ബഹുമാന്യരായ അംഗങ്ങളെ 7-ാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

VI നിയമനിർമ്മാണ കാര്യം

1985-ലെ കേരള അവശ്യ സാധന നിയന്ത്രണ ബിൽ

Minister for Industries (**Sri E. Ahamed**): Sir, I introduce the Kerala Essential Articles Control Bill, 1985.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

Minister for Industries (**Sri E. Ahamed**): Sir, I move that the Kerala Essential Articles Control Bill, 1985 be referred to the Subject Committee IV—Industry & Minerals.

Minister for Education (**Sri T. M. Jacob**): Sir, I second it.

ശ്രീ. ഇ. അഹമ്മദ്: സർ, 1955-ലെ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ട്, ഒരു സെൻട്രൽ ആക്റ്റ്, അതിന്റെ പരിധിയിൽ.....

LIBRARY ARCHIVES Kerala Legislative Assembly